# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1235** **12.06.2014-ൽ മറുപടിക്ക്**

## കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഫണ്ട് ലഭ്യമാക്കുന്ന റോഡ് നിർമ്മാണ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കേന്ദ്രഗവൺമെന്റ് നേരിട്ട് ഫണ്ട് ലഭ്യമാക്കുന്ന റോഡ് നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്; | (എ) ദേശീയപാതകളുടെ നിർമ്മാണം, വികസനം, അറ്റകുറ്റപ്പണികൾ ഇടങ്ങിയവയ്ക്കുള്ള ഫണ്ട് കേന്ദ്ര സർക്കാരാണ് അനുവദിക്കുന്നത്. കൂടാതെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകൾ വികസിപ്പിക്കുവാൻ സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ഫണ്ട് അനുവദിക്കാറുണ്ട്. |
| (ബി) ഓരോ പദ്ധതിയുടെയും പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം എപ്രകാരമാണ് ; | (ബി) സാമ്പത്തിക വർഷത്തിന്റെ ആരംഭഘട്ടത്തിലാണ് സാധാരണ രീതിയിൽ പ്രപ്പോസലുകൾ കേന്ദ്രം ആവശ്യപ്പെടാറുള്ളത്. |
| (സി) ഒരു സാമ്പത്തിക വർഷം സമർപ്പിക്കാവുന്ന പ്രൊപ്പോസലുകൾക്കും അടങ്കൽ തുകയ്ക്കും പരിധിനിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല. |
| (ഡി) നിലവിൽ ഓരോ പദ്ധതിയിലും ഏതെല്ലാം പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (ഡി) 2014-15 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള നിർദ്ദേശങ്ങൾ അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഇ) കേന്ദ്രഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്ന റോഡ് നിർമ്മാണ പദ്ധതികൾക്ക് പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | (ഇ) ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതും 10 കി.മീ ദൈർഘ്യമുള്ളതും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായി പ്രാധാന്യമുള്ള പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളാണ് സാധാരണ രീതിയിൽ CRF പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |

Dalithe

സെക്ഷൻ ഓഫീസർ